"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊല്ലം നഗരസഭയിലെ ശക്തികുളങ്ങര സോണൽ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

**സ.ഉ.(സാധാ) നം.2163/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/10/2019

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 22.10.2011 തീയതിയിലെ ഇ2(എസ്.സി.19/2011/കെ.എൽ.എം) 20085/2011 (പാർട്ട് -V) നമ്പർ കത്ത്

2 16.05.2012തീയതിയിലെ 70421/ഇയു2/2011/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 12.03.2019 തീയതിയിലെ വി1- 9012/12 നമ്പർ കത്ത്.

### ഉത്തരവ്

കൊല്ലം നഗരസഭയിലെ ശക്തികുളങ്ങര സോണൽ ഓഫീസിൽവിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോയുടെ കൊല്ലം യൂണിറ്റ് " ഓപ്പറേഷൻ സ്റ്റേക്ക് ഐ " എന്ന പേരിൽ 10.06.2011- ൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർ ന്ന് പരാമർ ശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ ജീവനക്കാരായ ശ്രീ. പി. പ്രശാന്ത്, ക്ലാർക്ക്, ശ്രീമതി സാവിത്രി അമ്മ, ക്ലാർക്ക്, ശ്രീ മനോജ്, സീനിയർ ക്ലാർക്ക്, ശ്രീ. ശിവാനന്ദൻ.വി, സൂപ്രണ്ട്, ശ്രീ കെ.ആർ.രാജേന്ദ്ര ബാബു, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I , ശ്രീ. സുരേഷ് ബാബു പി. , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർ ശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് മേൽ ജീവനക്കാർ നൽകിയ മറുപടികളിന്മേൽ കൊല്ലം നഗരസഭാ

സെക്രട്ടറിയുടേയും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടേയും അന്വേഷണറിപ്പോർട്ട് പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. വിജിലൻസ് പരിശോധനയിൽ റവന്യൂ വിഭാഗം സെക്ഷൻ ക്ലാർക്കായ ശ്രീ പി. പ്രശാന്ത് 05.10.2016 മുതലുള്ള കെട്ടിട നികുതി നിശ്ചയിക്കുന്നതിനുള്ള 49 അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാതെ സൂക്ഷിച്ചിരുന്നതായി കണ്ടെത്തിയതിനാലാണ് ടിയാന് കുറ്റാരോപണ മെമ്മോ നൽകിയിരുന്നത്. എന്നാൽ ടി 4 9 അപേക്ഷകളിന്മേൽ ടിയാന് യാതൊരു അറിവും ഇല്ലായെന്നും വിജിലൻസ് പരിശോധനാ ദിവസം മുതൽ ഒരു വർഷം പിന്നിലേയ്ക്കുള്ള അസ്സസ്സ്മെന്റ് പരിശോധിച്ചതിൽ 1 2 1 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയത് മുഴുവൻ തീർപ്പ് കല്പിച്ചിട്ടുള്ളതാണെന്നും ടിയാന്റെ ഭാഗത്ത് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നും മറുപടിയിൽ പറയുന്നു. 05.10.2010 മുതൽ 10.06.2011 വരെ ടി സെക്ഷന്റെ ചുമതലയിലുള്ള വാർഡുകളിൽ നിന്നും ലഭിച്ച എല്ലാ അപേക്ഷകളിലും യഥാസമയം തീർപ്പ് കല്പിച്ചിട്ടുള്ളതാകയാൽ മറുപടിയിലെ വിവരങ്ങൾ പരിഗണിച്ച് ശ്രീ പി പ്രശാന്തിനെ കുറ്റവിമുക്തനാക്കാമെന്ന് കൊല്ലം നഗരകാര്യ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

3. വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന വേളയിൽ 37 അപേക്ഷകളിൽ നടപടി സ്വീകരിക്കാതിരിക്കുകയും അതിൽ ശ്രീ ജോസഫ് ജോൺ എന്നാളുടെ 08/04/2011 തീയതിയിലെ 2732/11-ാം നമ്പർ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കാതെ വച്ചതായി കണ്ടെത്തുകയും ചെയ്തത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണ്ടതിനാലാണ് ക്ലാർക്കായിരുന്ന ശ്രീമതി സാവിത്രി അമ്മയ്ക്ക് മെമ്മോ നൽകിയിരുന്നത്.

4. ശ്രീമതി സാവിത്രി അമ്മ ജോലി ചെയ്തു വന്ന സെക്ഷനിൽ 04/2011-ലെ ഒരു മാസത്തെ കണക്കുകൾ പ്രകാരം സ്ഥിര താമസ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, അസ്സസ്സ്മെന്റ് ലിസ്റ്റുകൾ പ്രകാരമുള്ള അപേക്ഷകൾ, നികുതി ഇളവിനുള്ള അപേക്ഷകൾ എന്നീ ഇനങ്ങളിലായി ആകെ 2 6 8 അപേക്ഷകളാണ് ലഭിച്ചിരുന്നതെന്നും ടി അപേക്ഷകളിൽ സ്ഥിര താമസ സർട്ടിഫിക്കറ്റുകളിലെയും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകളിലെയും അപേക്ഷകൾക്ക് തൻവർഷത്തെ കെട്ടിട നികുതി ഒടുക്കിയതിന് ശേഷം മാത്രമേ സർട്ടിഫിക്കറ്റ് നൽകാറുള്ളുവെന്നും ടിയാൾ മറുപടി നൽകിയിരിക്കുന്നു. ചാർജ്ജ് മെമ്മോ പ്രകാരം ശ്രീ ജോസഫ് ജോൺ എന്നയാളുടെ 2732/11 നമ്പർ അപേക്ഷ പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകാത്തത് ടിയാന്റെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാസഗൃഹം മറ്റൊരു വിലാസത്തിലായിരുന്നതിനാലാണ്. തെറ്റായ കെട്ടിട നമ്പർ രേഖപ്പെടുത്തിയാണ് അപേക്ഷ നൽകിയിരുന്നതെന്നും ടി വിവരം ടിയാനെ അറിയിച്ചിട്ടുള്ളതാണെന്നും മറുപടിയിൽ വിശദീകരിക്കുന്നു. മനഃപൂർവ്വമായി യാതൊരു വീഴ്ചയും ഉണ്ടാക്കിയിട്ടില്ല എന്നും ടിയാന്റെ പേരിലുള്ള നടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി കുറ്റവിമുക്തമാക്കണമെന്നുള്ള ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

5. വിജിലൻസ് പരിശോധനയിൽ , മൂവ്മെന്റ് രജിസ്റ്റർ ( Movement Register) , ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ (Cash Declaration Register), പേഴ്സണൽ രജിസ്റ്റർ (Personal Register), രജിസ്റ്റർ ( Casual Leave Register) എന്നിവ യഥാവിധി സൂക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതും അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിന് മേൽനോട്ടം വഹിച്ചില്ലായെന്നും കണ്ടെത്തിയിരുന്നതിനാണ് സൂപ്രണ്ടായിരുന്ന ശ്രീ ശിവാനന്ദന് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത്. 2011-ൽ 9103 തപാലുകൾ ലഭിച്ചിട്ടുണ്ടെന്നും റവന്യൂ, ഹെൽത്ത് ടൗൺ പ്ലാനിംഗ് വിഭാഗത്തിലേയ്ക്ക് 3 സെക്ഷൻ ക്ലാർക്കാർക്ക് മാത്രമാണുണ്ടായിരുന്നതെന്നും പേഴ്സണൽ രജിസ്റ്റർ തയ്യാറാക്കുന്നതിന് പല പ്രാവശ്യം നിർദ്ദേശം നൽകിയിരുന്നുവെന്നും ടിയാൻ മറുപടി നൽകിയിരിക്കുന്നു. നിലവിൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായും പേഴ്സണൽ രജിസ്റ്റർ എഴുതുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. ശ്രീ ശിവാനന്ദൻ മന:പൂർവ്വം വീഴ്ച വരുത്തിയതായി കാണുന്നില്ലെന്നും തുടർ നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

6. 10.06.2011-ൽ നടത്തിയ വിജിലൻസ് പരിശോധനയിൽ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. രാജേന്ദ്രബാബു അനധികൃതമായി അവധിയിലായിരുന്നതും പേഴ്സണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതും സ്വീകരിച്ചിട്ടുള്ള അപേക്ഷകളുടെ കണക്കുകൾ നിലവിലില്ലാത്തതും ശ്രീമതി.ശശികല എന്നയാളുടെ ഷോപ്പ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും കണ്ടെത്തിയിട്ടുള്ളതാണ്. ടി കാരണങ്ങളിലാണ് ശ്രീ രാജേന്ദ്രബാബുവിന് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത്. വിജിലൻസ് പരിശോധനാ ദിവസം ഓഫീസിലേയ്ക്ക് വരുമ്പോൾ ഭാര്യയ്ക്ക് അസുഖമാണെന്ന ഫോൺ സന്ദേശത്തെ തുടർന്ന് യാത്രാമദ്ധ്യേ തിരികെ പോയിട്ടുള്ളതാണെന്നും മേലധികാരിയായ ഹെൽത്ത് ഓഫീസർ (ഇൻ ചാർജ്ജ്) ശ്രീ ഗോപിനാഥനെ വിവരം അറിയിച്ചിട്ടുള്ളതാണെന്നും ടിയാൻ മറുപടി നൽകിയിരിക്കുന്നു. ശ്രീമതി ശശികല, അരവിള പുതുവൽ എന്നയാൾ എസ്.പി.വി/850-ാം നമ്പർ കടമുറിയിൽ വാഴക്കുല കച്ചവടത്തിൽ ലൈസൻസ് എടുക്കുന്നതിനുള്ള പുതിയ അപേക്ഷ നൽകിയിരുന്നതും തൊട്ടടുത്ത ദിവസം തന്നെ പരിശോധനയ്ക്ക് പോയപ്പോൾ കടപൂട്ടി കിടന്നതും അപേക്ഷക കണ്ണ് ഓപ്പറേഷന് പോയതായി അറിയാൻ കഴിഞ്ഞതുമാണ്. ശ്രീമതി ശശികല ഓഫീസ് മുഖേനയല്ലാതെ നേരിട്ട് നൽകിയതിനാലാണ് കൈവശം വച്ചിരുന്നതെന്നും പിന്നീട് ലൈസൻസ് ഫീസ് ഒടുക്കിയത് പ്രകാരം നമ്പർ നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ ഭാഗത്ത് കൃത്യവിലോപങ്ങൾ ഇല്ലാത്തത് ബോദ്ധ്യപ്പെട്ട് കുറ്റവിമുക്തനാക്കണമെന്നും മറുപടിയിൽ സൂചിപ്പിക്കുന്നു. ടിയാനെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുള്ള ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ

ശുപാർശ ചെയ്തിരുന്നു.

7. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തിയ വേളയിൽ കോമ്പൻസേറ്ററി ഓഫ് എടുക്കുന്നതിനായി 11.06.11 രണ്ടാം ശനിയാഴ്ച ദിവസം മുൻകൂട്ടി ഹാജർ രേഖപ്പെടുത്തിയിട്ടുള്ളത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണ്ടാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ സുരേഷ് ബാബുവിന് മെമ്മോ നൽകിയിട്ടുള്ളത്. ടിയാൻ 10.06.2011-ൽ കോളം മാറി ഒപ്പ് വച്ചതാണെന്നും ആയത് കോമ്പൻസേറ്ററി ഓഫ് എടുക്കുന്നതിന് വേണ്ടിയായിരുന്നില്ലായെന്നും അവധി ദിവസങ്ങളിലും പ്രവൃത്തി ദിവസങ്ങളിൽ അധിക സമയവും ജോലി ചെയ്യാറുണ്ടെന്നും ആയതിനെല്ലാം കോമ്പൻസേറ്ററി ഓഫ് വാങ്ങുന്നതിന് ശ്രമിച്ചിട്ടില്ലെന്നും അബദ്ധവശാൽ മുൻകൂട്ടി ഹാജർ ഒപ്പ് വച്ച പോയ വിഷയം മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരിക്കുന്നു. ടിയാന്റെ അപേക്ഷ പരിഗണിച്ച് തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് മേഖലാ ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്യുന്നു.

8. വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തിയ വേളയിൽ SZ/TP/BR/12/11-12 നമ്പർ കെട്ടിടനിർമ്മാണാനുമതി അപേക്ഷ ഒരു മാസവും 3 ദിവസവും കൈവശം വച്ച് കാലതാമസം വരുത്തിയത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴചയായതിനാലാണ് ടൗൺ പ്ലാനിംഗ് സെക്ഷനിൽ ക്ലാർക്കായിരുന്ന ശ്രീ മനോജിന് കുറ്റാരോപണ മെമ്മോ നൽകിയിരുന്നത്. അനധികൃതമായി നിർമ്മിച്ച ശ്രീ.വിജയൻപിള്ള എന്നയാളുടെ കെട്ടിടം ക്രമവത്ക്കരിക്കുന്നതിനായി 05.04.2011-ൽ അപേക്ഷിച്ചിരുന്നത് പ്രകാരം പി.പി/എസ്.2/ബി.ആർ./12/2011-12 ഫയൽ നമ്പർ നൽകി 08.04.2011-ൽ ലോക്കൽ ബുക്കിൽ ചേർത്തിരുന്നുവെന്നും 27.04.2011-ൽ തിരികെ ലഭിച്ചിരുന്ന ഫയലിൽ റിമാർക്ക് കോളത്തിൽ തെറ്റായ തീയതി രേഖപ്പെടുത്തിയതിനാലും, രണ്ട് മേലുദ്യോഗസ്ഥർ തീയതി രേഖപ്പെടുത്താതെ ഒപ്പ് വച്ചതിനാലും ടിയാൻ കൈവശം വച്ചതായി കരുതിയതാണെന്ന് ശ്രീ സി മനോജ് കുമാർ മറുപടി നൽകിയിരിക്കുന്നു. ടിയാന്റെ മറുപടിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ പ്രസ്തുത ഫയലിൽ ഓഫീസ് നടപടി ക്രമത്തിലുള്ള കാലതാമസമാണ് ഉണ്ടായിട്ടുള്ളതെന്നും കുറ്റം മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെടുന്നു.

9. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം, പൊതുജനങ്ങൾ സമർപ്പിച്ചിട്ടുള്ള വിവിധ അപേക്ഷകളിൽ യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയും സേവനവകാശ ചട്ടങ്ങളുടെ ലംഘനവുമാണ് എന്നും ക്യാഷ് രജിസ്റ്റർ , മൂവ്മെന്റ് രജിസ്റ്റർ , പേഴ്സണൽ രജിസ്റ്റർ എന്നിവ പരിപാലിക്കപ്പെടാത്തത് സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള തികഞ്ഞ അലംഭാവമായും കാണുന്നതായും , ആയതിന് അധികമായ ജോലിഭാരവും നേരിട്ട് എത്തുന്ന പൊതുജനങ്ങളുടെ ആധിക്യവും ജീവനക്കാരുടെ

അഭാവവും ഓഫീസ് നടപടി ക്രമങ്ങളിലുണ്ടാകുന്ന സ്വാഭാവിക കാലതാമസവുമായി മറുപടികളിൽ വിവരിച്ചിട്ടുള്ളത് പ്രസ്തുത കൃത്യവിലോപങ്ങൾ മാപ്പാക്കുന്നതിന് തക്ക കാരണമാകുന്നില്ലായെന്നും അഭിപ്രായപ്പെടുന്നു. എന്നാൽ ടി ജീവനക്കാർ മനഃപൂർവ്വമായി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും ടിയാളുകളുടെ മാപ്പപേക്ഷകൾ പരിഗണിച്ച് കുറ്റ വിമുക്തമാക്കണമെന്നും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളതാണ്.ടി സാഹചര്യത്തിൽ, സൂപ്പർവൈസറി ഉദ്യോഗസ്ഥരായ ശ്രീ കെ.ആർ രാജേന്ദ്രബാബു, ശ്രീ ശിവാനന്ദൻ എന്നിവർ വിരമിച്ചിട്ടുള്ളതിനാലും മനഃപൂർവ്വമല്ലാതെയുണ്ടായിട്ടുള്ള വീഴ്ചകൾ മാപ്പാക്കി തുടർന്നുള്ള അച്ചടക്ക നടപടികളിൽ നിന്നും ടി ജീവനക്കാരെ ഒഴിവാക്കാവുന്നതാണെന്നും, മുൻകൂട്ടി ഹാജർ രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുള്ളത് അബദ്ധത്തിൽ സംഭവിച്ചതാണെന്ന ശ്രീ സുരേഷ് ബാബുവിന്റെ മറുപടി അംഗീകരിക്കുവാൻ സാധിക്കുന്നതല്ലാത്തതിനാൽ ശ്രീ സുരേഷ് ബാബുവിന് മേലിൽ വീഴ്ചകൾ സംഭവിക്കാതിരിക്കുന്നതിന് താക്കീത് നൽകാവുന്നതാണ് എന്നും വിവിധ കാരണങ്ങളാൽ അപേക്ഷകൾ തീർപ്പാക്കുന്നത് വൈകിയതിന് സെക്ഷൻ ക്ലാർക്കുമാരായ ശ്രീ പി. പ്രശാന്ത്, ശ്രീമതി സാവിത്രിയമ്മ, ശ്രീ സി . മനോജ് കുമാർ എന്നിവർ കുറ്റക്കാരായി കാണുന്നതിനാൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ ലഘുശിക്ഷകൾ നൽകാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

10. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള മറുപടി, നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ സുരേഷ് ബാബു രണ്ടാം ശനിയാഴ്ച ദിവസം മുൻകൂട്ടി ഹാജർ രേഖപ്പെടുത്തിയിരുന്നു എന്ന ആരോപണത്തിനുള്ള ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നും ശ്രീ കെ.ആർ.രാജേന്ദ്രബാബു, ശ്രീ.ശിവാനന്ദൻ എന്നിവർ വിരമിച്ചിട്ടുള്ളതിനാലും മനഃപൂർവ്വമല്ലാതെയുണ്ടായിട്ടുള്ള വീഴ്ചകൾ മാപ്പാക്കാവുന്നതാണെന്നും കാണുന്നു. എന്നാൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് താമസം വരുത്തി എന്ന ആരോപണത്തിന് സെക്ഷൻ ക്ലാർക്കുമാരായ ശ്രീ പി.പ്രശാന്ത്, ശ്രീമതി സാവിത്രിയമ്മ, ശ്രീ സി.മനോജ് കുമാർ എന്നിവരുടെ ഭാഗത്ത് മന.പൂർവ്വമല്ലാത്ത വീഴ്ചയുണ്ടായതായിട്ടുള്ളതാണ്.

11. മേൽ സാഹചര്യത്തിൽ കൊല്ലം നഗരസഭയിലെ ശക്തികുളങ്ങര സോണൽ ഓഫീസിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് ശ്രീ പി പ്രശാന്ത്, ക്ലാർക്ക്, ശ്രീമതി സാവിത്രി അമ്മ , ക്ലാർക്ക് ശ്രീ മനോജ്, സീനിയർ ക്ലാർക്ക്, ശ്രീ. ശിവാനന്ദൻ വി .,സൂപ്രണ്ട്, ശ്രീ കെ. ആർ രാജേന്ദ്ര ബാബു, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I, സുരേഷ് ബാബു പി . ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, സെക്ഷൻ ക്ലാർക്കുമാരായ ശ്രീ പി . പ്രശാന്ത് , ശ്രീമതി സാവിത്രിയമ്മ , ശ്രീ സി . മനോജ് കുമാർ എന്നിവർക്ക് ലഘു ശിക്ഷയായ സെൻഷർ(ശാസന) നൽകിയും ശ്രീ സുരേഷ്

ബാബു, ശ്രീ കെ. ആർ രാജേന്ദ്രബാബു , ശ്രീ.ശിവാനനന്ദൻ എന്നിവരെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കിയും, തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യൂ

അഡീഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ പി പ്രശാന്ത്, ക്ലാർക്ക്, കൊല്ലം നഗരസഭ

ശ്രീമതി സാവിത്രി അമ്മ , ക്ലാർക്ക്,കൊല്ലം നഗരസഭ

ശ്രീ മനോജ്, സീനിയർ ക്ലാർക്ക്,കൊല്ലം നഗരസഭ

ശ്രീ. ശിവാനന്ദൻ വി .,സൂപ്രണ്ട്, കൊല്ലം നഗരസഭ

ശ്രീ കെ.ആർ രാജേന്ദ്ര ബാബു, ഹെൽത്ത്ഇൻസ്പെക്ടർ ഗ്രേഡ് -I,കൊല്ലം നഗരസഭ

ശ്രീ.സുരേഷ് ബാബു പി . ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കൊല്ലം നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(28.05.2019 തീയതിയിലെ VIG-D1/293/2019-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ